പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.766 08.11.2016 - ൽ മറുപടിയ്ക്ക്

# ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ.പാറക്കൽ അബ്ദുല്ല :<br>ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി :<br>ശ്രീ.ടി.വി. ഇബ്രാഹിം : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) ബ്രാന്റഡ് മരുന്ന കമ്പനികളുടെ ചൂഷണത്തിൽനിന്നും സാധാരണ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിന് ഉദ്ദേശിച്ചുള്ള ജനറിക് മരുന്നുകൾ സൗജന്യമായി നല്കുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (എ) ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ സമീപിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് ബ്രാന്റഡ് മരുന്നു കമ്പനികളുടെ ചൂഷണത്തിൽ നിന്നും സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി 2012 നവംബർ മാസം 1 ന് ആരംഭിച്ചു. പ്രാരംഭ ഘട്ടത്തിൽ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്), തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രി കളിലുമായി ആരംഭിച്ച മേൽ പദ്ധതി 2013 ഒക്ടോബർ 2 മുതൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളി ലേയ്ക്കും വ്യാപിപ്പിച്ചു.<br><br>മരുന്നുകളും അനുബന്ധ ഉൽപ്പന്നങ്ങളുമായി 939 ഇനങ്ങൾ (അവശ്യമരുന്നു പട്ടിക പ്രകാരം 518, റാഷണൽ ഡ്രഗ് ലിസ്റ്റ് പ്രകാരം 314, കാൻസർരോഗ ചികിത്സയ്ക്കായുള്ള 107 എണ്ണം) പ്രസ്തുത മരുന്ന പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ദ്ധ ഡോക്ടർമാർ ഉൾപ്പെട്ട കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും മേൽ മരുന്നു പട്ടികയിലെ ഓരോ ഇനങ്ങളും ചുവടെ സൂചിപ്പിച്ചിരിക്കുന്ന മാനദണ്ഡങ്ങ ളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തു കയും, കാലാനുസൃതമായി പരിഷ്ക്കരിക്കുകയും ചെയ്തുവരുന്നു. |

പ്രധാന മാനദണ്ഡങ്ങൾ

1. പ്രസ്തുത ഇനത്തിന്റെ വർഷിക ഇൻഡന്റ്
2. വിതരണക്കാരെ ലഭ്യമാകാത്തതിന്റെ വിശദാംശങ്ങൾ
3. പ്രസ്തുത ഇനത്തിന് ദേശീയ മരുന്നു പട്ടികയിലുള്ള സ്ഥാനം
4. പ്രസ്തുത മരുന്നിന് പകരം ഉപയോഗിക്കാൻ സാധിക്കുന്ന മരുന്നിന്റെ ലഭ്യത/ സ്പെസിഫിക്കേഷൻ
5. മറ്റു സംസ്ഥാനങ്ങളിലെ ജനറിക് മരുന്ന് നയം

അതനുസരിച്ച്, നിലവിൽ കാൻസർ രോഗചികിത്സയ്ക്കുള്ള 65 ഇനം മരുന്നുകൾ ഉൾപ്പെടെ 590 ഇനം മരുന്നുകളും, അനുബന്ധസാമഗ്രികളുമാണ് 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകുന്നതിനായുള്ള അവശ്യമരുന്നു പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) ജനറിക് മരുന്നുകളുടെ ശേഖരണം, വിതരണം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്; വിശദമാക്കുമോ;

(ബി) സംസ്ഥാന ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും പ്രസ്തുത വകുപ്പ് മേലധികാരികൾ നൽകുന്ന വാർഷിക ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച് വിവിധ ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങൾ മുഖേന നൽകിവരുന്നത് കേരള മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷനാണ്. സർക്കാർ സ്ഥാപനമായ വിവര സാങ്കേതിക മിഷന്റെ (ഐ.റ്റി. മിഷൻ) വെബ്പോർട്ടൽ മുഖേന ദേശീയ തലത്തിൽ ക്ഷണിക്കപ്പെടുന്ന മത്സര സ്വഭാവമുള്ള സുതാര്യ ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ജനറിക് മരുന്നുകളുടെ സംഭരണം നടത്തി വരുന്നത്.

മരുന്നുകളും അനുബന്ധ സാമഗ്രികളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായി തികച്ചും ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന 21 ജില്ലാ സംഭരണശാലകളാണ് കോർപ്പറേഷനു കീഴിലുള്ളത്. ടി സംഭരണ ശാലകളിലെല്ലാം തന്നെ ഹെവി ഡ്യൂട്ടി റാക്കുകൾ, ശീതീകരണ റൂം, താപനിലയും ഊഷ്മാവും നിയന്ത്രിതമായ റൂം, ഹൈവാല്യു റൂം, ആൻസിലറി റൂം, ഐ.എൽ.ആർ, പെല്ലറ്റ്സുകൾ എന്നിവയോടു കൂടിയ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളെ കോർപ്പറേഷന്റെ സംഭരണ കേന്ദ്രങ്ങളുമായി

ബന്ധിപ്പിച്ചിട്ടുണ്ട്. ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട് എന്ന മാനദണ്ഡത്തിൽ സോഫ്റ്റ് വെയർ മുഖാന്തരം മാത്രം മരുന്നുകൾ വിതരണം ചെയ്തുവരുന്നു. ടി മരുന്നുകൾ ആശുപത്രികളിലേയ്ക്ക് എത്തിക്കുന്നതിലേക്കായി പൂർണ്ണമായും മൂടപ്പെട്ട വാഹനങ്ങളാണ് ഉപയോഗിച്ചുവരുന്നത്.

(സി) ജനങ്ങൾക്ക് വിതരണത്തിന് ശേഖരിച്ച മരുന്നുകൾ ഉപയോഗ ശൂന്യമായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി) ഉണ്ട്. 2008ൽ സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ നിന്നും കൈമാറി കിട്ടിയ സംഭരണശാലകളും സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി സംഭരിച്ച മരുന്നുകളും കൈമുതലാക്കിയാണ് കോർപ്പറേഷൻ പ്രവർത്തനം ആരംഭിക്കുന്നത്. ആരോഗ്യവകുപ്പും ആരോഗ്യവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകുന്ന ഇൻഡന്റിന് അനുസൃതമായാണ് കോർപ്പറേഷൻ മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്തു വരുന്നത്. ഇൻഡന്റ് ചെയ്ത തോത് മരുന്നുകൾ പൂർണ്ണമായും ആശുപത്രികൾ സ്വീകരിക്കാത്ത കാരണത്താൽ മരുന്നുകൾ ഉപയോഗശൂന്യമായിട്ടുണ്ട്. ഇതിനുപുറമെ റാഷണൽ ഡ്രഗ്ഗ് ലിസ്റ്റ് (RDL) പദ്ധതിയിൽ സംഭരിച്ച ഇനങ്ങൾ പ്രധാന മെഡിക്കൽ കോളേജുകൾ പോലും സ്വീകരിക്കാത്തതിനാൽ അവയും ഉപയോഗശൂന്യമായിട്ടുണ്ട്. 2012-ലെ സർക്കാർ ഉത്തരവ് നം.1990/2012/ആ.കു.വ തീയതി 16.06.2012 അനുസരിച്ച് കാലഹരണപ്പെട്ടതും ഗുണനിലവാരമില്ലാത്തതും കരിമ്പട്ടികയിൽ ഉൾപ്പെട്ടതും സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി കൈമാറിയതുമായ ഉപയോഗശൂന്യമായ ഇനങ്ങൾ കണ്ടംനേഷൻ നടത്തിയിട്ടുണ്ട്.

വാർഷിക ഇൻഡന്റിനനുസൃതമായി ആശുപത്രികൾ മരുന്നുകൾ സ്വീകരിക്കാത്ത സാഹചര്യം രൂക്ഷമായി തുടർന്നപ്പോൾ അടുത്ത ആറു മാസത്തിനുള്ളിൽ കാലാവധി കഴിയുന്ന മരുന്നുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക എല്ലാ മാസത്തെയും ആദ്യ വാരത്തിനുള്ളിൽതന്നെ ആരോഗ്യവകുപ്പ് മേധാവിക്കും ആരോഗ്യ വിദ്യാഭ്യാസവകുപ്പ് മേധാവിക്കും മുൻകൂർ നടപടി സ്വീകരിക്കുന്നതിലേക്കായി നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ